**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4516** **19-07-2022 - ൽ മറുപടിയ്ക്ക്**

**കരുളായി മുണ്ടക്കടവ് ആദിവാസി കോളനി നിവാസികൾക്കുള്ള താമസസ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2019-ലെ പ്രളയത്തിൽ നിലമ്പൂർ സൗത്ത് ഡിവിഷനിലെ കരുളായി റെയ്ഞ്ചിന് കീഴിൽ വനാന്തർ ഭാഗത്തുള്ള മുണ്ടക്കടവ് ആദിവാസി കോളനിയിൽ താമസിക്കുന്ന കുടുംബങ്ങളുടെ ഭൂമിയും വീടും നഷ്ടമായതിന് പകരം താമസസ്ഥലം ഏർപ്പെടുത്താൻ വനഭൂമി വിട്ടുനൽകുന്നത് പരിഗണനയിലുണ്ടോ; ഇതിനായി വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | പരിഗണനയിലുണ്ട്. 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വാസയോഗ്യമല്ലാതായിത്തീർന്ന മുണ്ടക്കടവ് കോളനി നിവാസികളുടെ പുനരധിവാസം സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ജില്ലാകളക്ടർക്കും ഉന്നതതലങ്ങളിലേക്കും സമർപ്പിച്ചിട്ടുള്ളതാണ്. ടി കോളനിയിലെ 44 കുടുംബങ്ങൾക്ക് മുൻപിനാലെ റെക്കോർഡ് ഓഫ് റൈറ്റ് ലഭിച്ചിരുന്നു. റെക്കോർഡ് ഓഫ് റൈറ്റ് ലഭിച്ച 30 കുടുംബങ്ങൾക്ക് പുലിമുണ്ട ഭാഗത്തേക്കും, 14 കുടുംബങ്ങൾക്ക് വട്ടിക്കൽ ഭാഗത്തേക്കും താമസം മാറാനുമാണ് ഊരുകൂട്ടം തീരുമാനം കൈക്കൊണ്ടിരുന്നത്. |
| (ബി) | കരുളായി മുണ്ടക്കടവ് ആദിവാസി കോളനിയിൽ താമസിക്കുന്നവരുടെ എത്ര ഏക്കർ വനഭൂമിയാണ് 2019-ലെ പ്രളയത്തിൽ വാസയോഗ്യമല്ലാതായതെന്നും ഇവർക്ക് പകരമായി ഇത്രയും വനഭൂമി എവിടെയാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (ബി) | 44 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം 4.32 ഹെക്ടർ ഭൂമിയാണ് അനുവദിച്ചിരുന്നത്. ഈ സ്ഥലവും വീടും പ്രളയത്തിൽ താമസിക്കാൻ പറ്റാത്ത വിധത്തിൽ ഉപയോഗശൂന്യമായി തീർന്നിരുന്നു. പ്രളയത്തിൽ നശിച്ച ഈ ഭൂമിക്ക് പകരമായി മുണ്ടക്കടവ് കോളനിക്കടുത്തുള്ള പുലിമുണ്ട എന്ന സ്ഥലത്തേക്ക് 30 കുടുംബങ്ങൾക്ക് മാറി താമസിക്കുന്നതിനായി 2.967 ഹെക്ടർ സ്ഥലവും, 14 കുടുംബങ്ങൾക്കായി വട്ടിക്കൽ ഭാഗത്തേക്ക് 1.3541 ഹെക്ടർ സ്ഥലവും ആണ് ഊരുകൂട്ട പ്രകാരം തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ പ്രായോഗികത സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ